**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1681** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യുടെ സൂപ്പർ ക്ലാസ്സ് സർവീസുകളിൽ നിരക്കിളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ സൂപ്പർ ക്ലാസ്സ് സർവീസുകളിൽ കോവിഡ് കാലത്ത് യാത്രക്കാരെ ആകർഷിക്കുന്നതിനായി നൽകിയിരുന്ന നിരക്കിളവ് പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; നിരക്കിളവ് പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) | 2020 മാർച്ചിൽ സംസ്ഥാനത്ത് കോവിഡ്കാല നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെ തുടർന്ന് പൊതു ഗതാഗത രംഗത്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. യാത്രക്കാരുടെ എണ്ണം പരിമിതപ്പെടുത്തിയും, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടും സർവ്വീസുകൾ ക്രമീകരിച്ചതിനാൽ, സ്റ്റേജ് ക്യാരേജ് സർവ്വീസുകളുടെ നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് 02-7-2020 തീയതിയിലെ G.O. 37/2020/Trans. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് കാലത്ത് ദീർഘദൂര സർവ്വീസുകളിൽ യാത്രക്കാരുടെ എണ്ണം തീരെ കുറവായതിനാൽ വലിയ സാമ്പത്തിക നഷ്ടം സഹിച്ചാണ് പ്രസ്തുത ദീർഘദൂര സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവന്നിരുന്നത്. ടി നഷ്ടം ലഘൂകരിക്കുന്നതിനും കൂടുതൽ യാത്രക്കാരെ ദീർഘദൂര സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുന്നതിനുമായി പ്രത്യേക സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. നിലവിലുള്ള നിരക്കിൽ യാത്രാ തിരക്ക് കുറവുള്ള ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ 25% വരെ നിരക്കിളവ് 03.11.2020 മുതൽ നൽകിയിരുന്നതാണ്. എന്നാൽ കോവിഡ് കാല നിയന്ത്രണങ്ങളിൽ വലിയ തോതിൽ ഇളവുകൾ വന്നതിനാലും, കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക പരാധീനതയും, ഡീസലിന്റെ കനത്ത വിലവർദ്ധനവും നിലനിൽക്കുന്നതിനാൽ പരിമിതമായ സർവ്വീസുകളിൽ പ്രത്യേക സാഹചര്യത്തിൽ നൽകിയ ഇളവ് പുനഃസ്ഥാപിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല. പ്രത്യേക നിരക്ക് ഇളവ് ജൻറം എ.സി. സർവ്വീസുകളിലും സംസ്ഥാനത്തിനകത്തും പുറത്തും സർവ്വീസ് നടത്തുന്ന മറ്റ് എ.സി. സർവ്വീസുകളിലും മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ്. കൂടാതെ ഓർഡിനറി ബസ്സുകൾക്ക് പകരം നൽകുന്ന ജൻറം ലോ ഫ്ലോർ നോൺ എ.സി. ബസ്സുകളിൽ |

| | | | |
|---|---|---|---|
| | | | ഈടാക്കിയിരുന്ന അധിക നിരക്ക് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ